**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 278** **08-08-2023 - ൽ മറുപടിയ്ക്ക്**

**വനിതാ ശിശുവികസന വകുപ്പും ആഭ്യന്തരവകുപ്പും ഏകോപനത്തോടെ പ്രവർത്തിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അതിക്രമങ്ങൾക്കിരയാക്കപ്പെടുന്ന സ്ത്രീകൾക്ക് സേവനം നൽകുന്നതിന് വനിതാ ശിശുവികസന വകുപ്പും പോലീസും ഏകോപനത്തോടെ പ്രവർത്തിക്കുന്നില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇക്കാര്യത്തിൽ പോലീസിന്റെ പൂർണ്ണ സഹകരണം വനിതാ ശിശുവികസന വകുപ്പിന് ലഭിക്കുന്നുണ്ടോ; | (ബി) | (ബി) ലഭിക്കുന്നുണ്ട്. |
| (സി) | ഗാർഹിക പീഡനത്തിനിരയായി സർക്കാർ ആശുപത്രിയിൽ ചികിത്സക്കായി എത്തിച്ചേരുന്ന സ്ത്രീകളെ സംബന്ധിച്ചുള്ള വിവരം ആശുപത്രി അധികൃതർ എത്ര സമയത്തിനുള്ളിലാണ് പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടത്; വ്യക്തമാക്കാമോ ; | (സി) | (സി) കഴിവതും വേഗത്തിൽ പരമാവധി 24 മണിക്കൂറിനുള്ളിൽ വിവരം അറിയിക്കേണ്ടതാണ്. ഗാർഹിക പീഡനത്തിന് ഇരയായ ആൾക്ക് ലൈംഗിക അതിക്രമങ്ങൾ നേരിട്ടിട്ടുള്ള സാഹചര്യത്തിൽ പീഡനത്തിന് ഇരയായ ആളെ മറ്റു ആശുപത്രിയിലേക്ക് റഫർ ചെയ്യേണ്ട സാഹചര്യമാണ് എങ്കിൽ ഉടനടി തന്നെ ആശുപത്രി അധികൃതർ പോലീസിൽ പ്രസ്തുത വിവരം അറിയിക്കേണ്ടതാണ്.<br><br>ഗാർഹിക പീഡനത്തിനിരയായി ചികിത്സാർത്ഥം സർക്കാർ ആശുപത്രിയിൽ എത്തിച്ചേരുന്ന ഒരു സ്ത്രീയെ സംബന്ധിച്ചുള്ള വിവരവും അവരുടെ മൊഴിയും ആരോഗ്യവകുപ്പ് അധികൃതർ പോലീസ് സ്റ്റേഷനിൽ കൈമാറുന്നത് kerala medico legal protocol അനുസരിച്ചാണ്. |
| (ഡി) | സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ വുമൺ ഹെൽപ്പ് സെല്ലുകളും വുമൺ റിസപ്ഷൻ ഡെസ്കും പ്രവർത്തിക്കുന്നുണ്ടോ എന്ന് വനിതാ ശിശുവികസന വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ? | (ഡി) | (ഡി) പരിശോധന നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ